# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **967**

11.07.2016-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സാഫല്യം ഭവന പദ്ധതി.<br>2. ഗൃഹശ്രീ ഭവന പദ്ധതി.<br>3. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.<br>4. ഇന്നവേറ്റീവ് ഭവന പദ്ധതി.<br>5. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.<br>6. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ.<br>ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പുതിയ ഭവന നിർമ്മാണ പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും, ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" |

പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 60 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും, 35000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. സാഫല്യം ഭവന പദ്ധതി

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധസംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സാഫല്യം പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവീസസടക്കം) വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധസംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃവിഹിതവുമാണ്.

## 2. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവനപദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതം കുറഞ്ഞത് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധസംഘടന/NGO/വ്യക്തിയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ട ത്.

## 3. എം.എൻ. ലക്ഷം വീട് പദ്ധതി

1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളായി പുനർനിർമ്മിക്കുന്നതിനായി എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി ഹൗസിംഗ് ബോർഡ് മുഖേ ന നടപ്പിലാക്കി വരുന്നു. എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിലവിൽ ജനറൽ വിഭാഗത്തിൽ 75,000/-രൂപയും എസ്.സി വിഭാഗത്തിന് 1

ലക്ഷം രൂപയും എസ്.റ്റി വിഭാഗത്തിന് 1,25,000/- രൂപയുമാണ് സർക്കാർ സബ്സിഡി തുക. ലക്ഷം വീട് പദ്ധതികളുടെ പുനരുദ്ധാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്.

**4. ഇന്നവേറ്റീവ് ഭവന പദ്ധതി**

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവനപദ്ധതി.

**5. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി**

സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി റവന്യു വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**6. പാരസ്പര്യം പദ്ധതി**

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പനവില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

Lekha
സെക്ഷൻ ഓഫീസർ